**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1469** **07-02-2023 - ൽ മറുപടിയ്ക്ക്**

**സംഘടിത തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിലുള്ള കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന ഒരു സംസ്ഥാനം എന്ന ഖ്യാതി നിലനിൽക്കുന്നുണ്ടെങ്കിലും മാസവരുമാനക്കാരായ സ്ത്രീകൾക്കിടയിലും മറ്റ് തൊഴിലാളികൾക്കിടയിലും ഇപ്പോഴും നിലനിൽക്കുന്ന അസമത്വം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് സ്ത്രീകൾക്ക് സൗകര്യപ്രദമായി തൊഴിലെടുക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. തുല്യ ജോലിയ്ക്ക് തുല്യ വേതനം ഉറപ്പുവരുത്തുന്നതിനായി 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്താറുണ്ട്. 1961-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിലെ ചട്ടം 5 A (4) പ്രകാരം പ്രത്യേക വിശ്രമ മുറി, 5 A (8) (b) പ്രകാരം പ്രത്യേക ശൗചാലയം, ചട്ടം 6 B പ്രകാരം ലൈംഗിക അതിക്രമം തടയുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതിനും, 1961-ലെ മെറ്റേണിറ്റി ബെനഫിറ്റ് നിയമം പ്രകാരം 26 ആഴ്ചത്തെ പ്രസവാനുകൂല്യം, തൊഴിലെടുക്കുന്ന വനിതകളുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികളെ പരിപാലിക്കുന്നതിന് ക്രഷ് സൗകര്യം മുതലായവയും നടപ്പിലാക്കിവരുന്നുണ്ട്. സ്ഥാപന പരിശോധനാ വേളയിൽ സ്ത്രീ/പുരുഷ തൊഴിലാളികൾക്കിടയിൽ വേതനത്തിൽ വ്യത്യാസമില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് പ്രകാരമുള്ള പരിശോധനകൾ നടത്തുകയും അസമത്വങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.<br><br>രാജ്യത്ത് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന ഒരു സംസ്ഥാനം എന്ന ഖ്യാതി നിലനിൽക്കുന്നുണ്ടെങ്കിലും മാസവരുമാനക്കാരായ സ്ത്രീകൾക്കിടയിലും മറ്റ് തൊഴിലാളികൾക്കിടയിലും ഇപ്പോഴും നിലനിൽക്കുന്ന അസമത്വം പരിഹരിക്കുന്നതിന് ഫലപ്രദമായ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ തൊഴിൽ മേഖലയിൽ ജൻഡർ ഓഡിറ്റിംഗ് നടത്തുന്നതാണ്. |
| (ബി) | സംഘടിത തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്.<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടത്തിവരുന്നു. ഇത്തരം സംരംഭങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തത്തിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്ത്രീകൾ കൂടുതലായി സംരംഭകരംഗത്തേയ്ക്ക് വരുന്നതായാണ് കാണുന്നത്. 2022-23 വർഷം സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 1,28,966 സംരംഭങ്ങൾ വഴി ആകെ 2,76,604 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതിൽ 1,03,104 എണ്ണവും സ്ത്രീകൾ ആണ്. കൂടാതെ 1,28,966 സംരംഭങ്ങളിൽ 41,388 എണ്ണവും വനിതാ സംരംഭകരാണ് ആരംഭിച്ചത്. |
| (സി) | സ്ത്രീകളുടെ പങ്കാളിത്തം തൊഴിൽ നൈപുണ്യം ആവശ്യമില്ലാത്ത മേഖലയിൽ മാത്രമായി ചുരുങ്ങിപോകുന്ന അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; | (സി) | സ്ത്രീകളുടെ പ്രവർത്തനം എല്ലാ മേഖലകളിലേക്കും വ്യാപിച്ച് വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. |
| (ഡി) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും മറ്റും കൂടുതൽ തുകയും സ്ത്രീകൾക്ക് മാത്രമുള്ള വേതനമായി ചെലവഴിക്കപ്പെടുന്നത് ഇങ്ങനെയുള്ള കാരണം കൊണ്ടാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നൈപുണ്യം ആവശ്യമില്ലാത്ത അവിദഗ്ധ തൊഴിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകി വരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ സംസ്ഥാനത്തിൽ ചെലവഴിക്കപ്പെടുന്ന അവിദഗ്ധ വേതനത്തിന്റെ 89.5 ശതമാനം തുകയും, സ്ത്രീ തൊഴിലാളികൾക്കാണ് നിലവിൽ ലഭിക്കുന്നത്. ഒരു ദാരിദ്ര്യ ലഘൂകരണ പദ്ധതി എന്ന നിലയിലാണ് കൂടുതലായി സ്ത്രീകൾ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളാകുന്നത്. |
| (ഇ) | സ്ത്രീകൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് തൃശ്ശൂർ കിലെയുമായി ചേർന്ന് 'മികവ്' പദ്ധതി ആവിഷ്കരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.<br><br>ജൻഡർ പാർക്ക് മുഖേന സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിശീലനം വനിതാശിശു വികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നു. വകുപ്പിലെ ക്ഷേമസ്ഥാപനങ്ങളിലെയും സമൂഹത്തിലെയും |

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്കാണ് ഈ പരിശീലനം നൽകി വരുന്നത്. ആയത് കൂടാതെ ASAP, KASE എന്നീ സ്ഥാപനങ്ങൾ മുഖേനയും സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.<br><br>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന അടുത്ത വർഷങ്ങളിലേയ്ക്കുള്ള എംപ്ലോയബിലിറ്റി സെന്ററുകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന മുറയ്ക്ക് സ്ത്രീകൾക്ക് മാത്രമായുള്ള തൊഴിൽ നൈപുണ്യ പദ്ധതി ആവിഷ്കരിക്കുന്നതാണ്.<br><br>സ്ത്രീകൾക്ക് തൊഴിൽനൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള സർക്കാർ ഐ.റ്റി.ഐ കളിൽ 33% സീറ്റുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ വകുപ്പിന് കീഴിൽ 14 വനിതാ ഐ.റ്റി.ഐകളും പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിന് സഹായിക്കുന്നതിനു വേണ്ടി സ്കിൽഗ്യാപ് നടത്തി അതിനനുസൃതമായ കൂടുതൽ ഫലപ്രദമായ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ